**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# MCCL ദിനം 2022
## (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)
### വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, മാതാപിതാക്കളേ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

2022 ഫെബ്രുവരി 13 ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കുട്ടികളുടെ സംഘടനയായ മലങ്കര കാതലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2010 സെപ്റ്റംബർ 20 ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ കല്പനയാൽ ഔദ്യോഗികമായി രൂപം കൊണ്ടതാണ് കുട്ടികളുടെ MCCL സംഘടന.

“ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല” (സുഭാ 22:6) എന്ന തിരുവചനം ആധാരമാക്കി മലങ്കര സുറിയാനി കത്തോലിക്കാസഭ, വിശ്വാസപരിശീലനത്തെ സഭയുടെ അടിസ്ഥാന ശുശ്രൂഷയായി പരിഗണിക്കുന്നു. കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുകയും ഭക്തിമാർഗത്തിൽ പരിശീലിപ്പിക്കുകയും ചെയ്യണമെന്നുള്ളത് തിരുസഭയ്ക്ക് നമ്മുടെ കർത്താവ് ഭരമേല്പ്പിച്ചിട്ടുള്ള അതിപ്രധാനമായ കടമയാകുന്നു എന്ന് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ കുട്ടികൾ നാളെ സഭയേയും സമൂഹത്തേയും വിശ്വാസത്തിലും പാരമ്പര്യത്തിലും നയിക്കേണ്ടവരാണ്. ശൈശവത്തിൽ തന്നെ ദൈവത്തെ അറിഞ്ഞ്, സഭയെയും സമൂഹത്തെയും മനസ്സിലാക്കി, സ്നേഹിച്ച് പ്രവർത്തിക്കുവാനും വളരുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്നതാണ് MCCL സംഘടനയുടെ ലക്ഷ്യം.

കോവിഡ് മഹാമാരി നമ്മെ പിടിമുറുക്കിയിരിക്കുന്ന സാഹചര്യത്തി ലൂടെ ആണല്ലോ നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. പ്രതിസന്ധി യുടെ ഈ കാലഘട്ടത്തിലൂടെ നടന്നു നീങ്ങുമ്പോൾ “എന്തെന്നാൽ ബല ഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്” (2 കൊരി 12:9) എന്ന ദൈവത്തിന്റെ വചനം നമുക്ക് ശക്തി തരട്ടെ. ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ച് നമുക്ക് ഈ മഹാമാരിയെ അതിജീവിച്ചുകൊണ്ട് വിശ്വാസത്തെ ദൃഢപ്പെടുത്താം.

കോവിഡ് മഹാമാരി മൂലം നമ്മുടെ ഓരോ ഭദ്രാസനവും ഇടവക യിലെ മതബോധന ക്ലാസ്സുകൾ സാഹചര്യങ്ങൾക്ക് അനുസരിച്ച് വിവിധ (Online, Offline) മാർഗങ്ങളിലൂടെ ക്രമീകരിക്കുന്നതിൽ പ്രത്യേകം സഭ യുടെ നാമത്തിൽ അഭിനന്ദിക്കട്ടെ. 2022 ഫെബ്രുവരി 13 ഞായറാഴ്ച നാം MCCL ദിനമായി ആഘോഷിക്കുമ്പോൾ കോവിഡിന്റെ രൂക്ഷമായ പ്രശ്ന ങ്ങൾക്കിടയിൽ ആണെങ്കിലും ഓരോ ഇടവകയും അതാതു ഭദ്രാസനവും ഭദ്രാസനത്തിൽനിന്നുള്ള പ്രത്യേക അറിയിപ്പുകൾ സ്വീകരിച്ചുകൊണ്ട് ഇട വക വികാരിയുടെ പ്രത്യേക നിർദ്ദേശങ്ങളും കോവിഡ്-19 ന്റെ പ്രത്യേക മാനദണ്ഡങ്ങളും കണക്കിലെടുത്ത് ആഘോഷങ്ങൾ ക്രമീകരിക്കാവുന്ന താണ്. അനുയോജ്യമായ സാഹചര്യം സംജാതമാകുകയാണെങ്കിൽ മത ബോധന പ്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥി കളും കുമ്പസാരിച്ച് ഒരുങ്ങി വി. കുർബാനയിൽ പങ്കുകൊള്ളണമെന്ന് ഓർമ്മിപ്പിക്കട്ടെ.

അന്നേ ദിവസത്തെ വി. കുർബാനയിൽ മതബോധന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരെയും കുട്ടികളെയും സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കട്ടെ. പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെയും കുട്ടികളെയും ബോദ്ധ്യപ്പെടുത്തു വാൻ ബഹു. ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. MCCL ദിനത്തിന്റെ വിവിധ പരിപാടികൾ Online മാർഗ്ഗത്തിലൂടെ എല്ലാ ഇടവക യിലും നന്നായി സംഘടിപ്പിക്കുക. ഇടവക വികാരിമാരോടൊപ്പം സണ്ടേ

സ്കൂൾ പ്രഥമ അദ്ധ്യാപകരും, അദ്ധ്യാപകരും, ആനിമേറ്റർമാരും, MCCL ഭാരവാഹികളും ചേർന്ന് ഈ ദിവസം കൂടുതൽ അർത്ഥപൂർണമാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

MCCL ഭാരവാഹികളുടെ കാലാവധി കഴിയുന്നതുകൊണ്ട് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാനും ഈ ദിവസം വിനിയോഗിക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കട്ടെ. പുതിയ MCCL ഭാരവാഹികളുടെ പേരുവിവരങ്ങൾ ഇടവക, ജില്ല, മേഖല, ഭദ്രാസനം, അതിഭദ്രാസനം എന്നീ കേന്ദ്രങ്ങളിൽ എത്രയും വേഗം നൽകാനുള്ള ക്രമീകരണങ്ങൾ ചെയ്യുവാനും ശ്രദ്ധിക്കുമല്ലോ. കുട്ടികളുടെ വിശ്വാസ പരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവ്വം പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അറിയിക്കുന്നു. ഏവരുടെയും പ്രാർത്ഥനപൂർവ്വമായ സഹായവും സഹകരണങ്ങളും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,




**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശാല ഭദ്രാസനാദ്ധ്യക്ഷൻ.

02.02.2022
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 13-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.